## പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## പന്ത്രണ്ടാമത് റിപ്പോർട്ട്
(2015 ജൂൺ 29-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2001-03)യുടെ അഞ്ചാമത്
റിപ്പോർട്ടിലെ (ചേർത്തലയിലെ മാക്ഡവൽ കമ്പനി
ഉളവാക്കുന്ന മലിനീകരണം സംബന്ധിച്ച്)
ശിപാർശകളിന്മേൽ സ്വീകരിച്ച
നടപടികൾ സംബന്ധിച്ച് ]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

**പന്ത്രണ്ടാമത് റിപ്പോർട്ട്**

(2015 ജൂൺ 29-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2001-03)യുടെ അഞ്ചാമത് റിപ്പോർട്ടിലെ (ചേർത്തലയിലെ മാക്ഡവൽ കമ്പനി ഉളവാക്കുന്ന മലിനീകരണം സംബന്ധിച്ച്) ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ]**

731/2015.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| അദ്ധ്യായം I: റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : സമിതിയുടെ ശിപാർശകളും അതിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികളും | .. | 1 |

# പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)

## സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. സി. പി. മുഹമ്മദ്

അംഗങ്ങൾ :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. മാത്യുക്കുട്ടി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

## മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതി (2014-16)യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2015 ജൂൺ 18-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

**സി. പി. മുഹമ്മദ്,**
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ജൂൺ 18.

# റിപ്പോർട്ട്

## അദ്ധ്യായം I

പതിനൊന്നാം കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2001-03) യുടെ അഞ്ചാമത് റിപ്പോർട്ട് (ചേർത്തലയിലെ മാക്ഡവൽ കമ്പനി ഉളവാക്കുന്ന മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച്) 2003 ജൂലൈ 10-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

ആലപ്പുഴ ജില്ലയിലെ ചേർത്തലയ്ക്കടുത്ത് വരനാട് എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന വിദേശനിർമ്മിത മദ്യകമ്പനിയായ മാക്ഡവൽ കമ്പനിയുടെ പ്രവർത്തനംമൂലമുണ്ടാകുന്ന മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച് വിശദമായി പഠനം നടത്തി അനന്തരനടപടി സ്വീകരിക്കണമെന്ന് സമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്പനിയും പരിസരപ്രദേശവും സമിതി സന്ദർശിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്യുകയുണ്ടായി. അതിൻപ്രകാരം തയ്യാറാക്കിയ റിപ്പോർട്ടിൽ പത്ത് ശിപാർശകൾ ഉൾക്കൊണ്ടിരുന്നു. സമിതിയുടെ ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതി 8-8-2003-ന് ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുത്തു. റിപ്പോർട്ടിലെ 1, 2, 3, 9, 10 എന്നീ ശിപാർശകളിന്മേൽ വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ് 16-11-2005-ലെ സമിതിയോഗം പരിഗണിക്കുകയും 1, 2, 3, 9 എന്നീ ശിപാർശകൾക്കുള്ള മറുപടി അംഗീകരിക്കുകയും 10-ാം നമ്പർ ശിപാർശയിൽ അധികവിവരം ആരായുകയും ചെയ്തു. 10-ാം നമ്പർ ശിപാർശയ്ക്ക് സമിതി ആരാഞ്ഞ അധികവിവരത്തിന് ലഭിച്ച മറുപടി 11-12-2013-ലെ സമിതിയോഗം അംഗീകരിച്ചു. 4, 5, 7 എന്നീ ശിപാർശകളിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് 24-9-2008-ലെ സമിതിയോഗം അംഗീകരിച്ചുവെങ്കിലും പ്രസ്തുത വിഷയം സംബന്ധിച്ച് കൂടുതൽ വിശദീകരണം ആരായുന്നതിനായി 3-6-2009-ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് സമിതി വീണ്ടും തെളിവെടുപ്പ് നടത്തുകയും ചെയ്തു. റിപ്പോർട്ടിലെ 5, 6, 7, 8, 10 എന്നീ ശിപാർശകളിന്മേൽ പരിസ്ഥിതി വകുപ്പിൽ നിന്നും മറുപടി ലഭിക്കാത്തതിനെ തുടർന്ന് 27-8-2014-ലെ സമിതിയോഗം പരിസ്ഥിതി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയുണ്ടായി അതേതുടർന്ന് പ്രസ്തുത ശിപാർശകൾക്ക് പരിസ്ഥിതി വകുപ്പ് ലഭ്യമാക്കിയ മറുപടികൾ 11-2-2015-ലെ സമിതിയോഗം അംഗീകരിച്ചു.

റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ വ്യവസായം, തദ്ദേശസ്വയംഭരണം, പരിസ്ഥിതി എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശവും ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതിയുടെ ശിപാർശകളും അതിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികളും

### ശിപാർശ 1

കമ്പനിയിലെ മുഴുവൻ മലിനജലവും എല്ലാതലത്തിലുമുള്ള സംസ്കരണ സംവിധാനത്തിലൂടെ കടത്തിവിട്ട് സംസ്കരിച്ചതിനുശേഷമേ വേമ്പനാട്ട് കായലിലേക്ക് ഒഴുക്കിവിടുന്നുള്ളുവെന്ന് ഉറപ്പാക്കുന്നതിനായി സർക്കാർ ഒരു മോണിറ്ററിംഗ് സംവിധാനം കമ്പനിയിൽ നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

**വ്യവസായ (എഫ്) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 29142/എഫ്2/03/വ്യവ.തീയതി 5-9-2004)

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ആലപ്പുഴ ജില്ലാ ഓഫീസിലെ ഉദ്യോഗസ്ഥർ ചേർത്തലയിലെ മാക്ഡവൽ കമ്പനിയിൽ ആഴ്ചയിൽ ഒരു പ്രാവശ്യമെങ്കിലും ഇൻസ്പെക്ഷൻ നടത്തുകയും മലിനജല സംസ്കരണസംവിധാനം പരിശോധിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുവരുന്നു. ശുദ്ധീകരണത്തിനുശേഷം പുറത്തേക്ക് ഒഴുകുന്ന പാഴ്ജലത്തിന്റെ സാമ്പിളുകൾ ഓരോ പരിശോധനവേളയിലും ശേഖരിച്ച് പരിശോധന നടത്തുന്നുണ്ട്. പരിശോധനഫലത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശങ്ങളും നൽകാറുണ്ട്. ഈ മോണിറ്ററിംഗ് സംവിധാനം മുടക്കം കൂടാതെ പ്രവർത്തിപ്പിച്ചുവരുന്നു.

ശിപാർശ 2

മലിനജലം പുറത്തേക്ക് വിടാൻ ശേഷിയുള്ള ഒരു ബഹിർഗമന മാർഗ്ഗം മാത്രമേ ഫാക്ടറിക്ക് ഉള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

സ്വീകരിച്ച നടപടി

**വ്യവസായ (എഫ്) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 29142/എഫ്2/03/വ്യവ. തീയതി 5-9-2004)

പാഴ്ജലം പുറന്തള്ളുന്നതിന് ഒരു നിർഗ്ഗമനക്കുഴലേ ബോർഡ് അനുവദിച്ചിട്ടുള്ളൂ. എന്നാൽ ഒരു കോൺക്രീറ്റ് കുഴൽ കമ്പനിക്ക് വടക്കുവശത്ത് കായലിലേക്ക് സ്ഥാപിച്ചതായി കണ്ടിരുന്നു. കാന്റീനിൽ നിന്നുള്ള പാഴ്ജലം അതുവഴി നിർഗമിക്കുന്നതായി കണ്ടതിനാൽ അത് പൊളിച്ച് മാറ്റുവാൻ കമ്പനിക്ക് നിർദ്ദേശം നൽകുകയും കമ്പനി അതിൻപ്രകാരം ചെയ്യുകയും ചെയ്തു. കാന്റീനിൽ നിന്നുള്ള പാഴ്ജലം തറ കഴുകുന്ന വെള്ളവുംകൂടി മലിനജല സംസ്കരണ സംവിധാനത്തിലേക്ക് കടത്തിവിട്ട് ശുദ്ധീകരിക്കുന്നുണ്ട്. മഴവെള്ളം ഒഴുക്കിക്കളയാൻ നാല് ഓടകളുണ്ട്. രണ്ടെണ്ണം കായലിലേക്കും രണ്ടെണ്ണം കനാലിലേക്കു മാണ്. മഴവെള്ളത്തിൽ പാഴ്ജലം കലരുന്നില്ലെന്ന് ഉറപ്പുവരുത്താൻ പരിശോധന നടത്താനായി പ്രസ്തുത ഓടകളുടെ നിർഗമന സ്ഥാനത്തിനുമുമ്പ് കുളങ്ങൾ (ഡിപ്പ് പോണ്ട്) നിർമ്മിക്കാൻ കമ്പനിക്കു നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ 3

കമ്പനിയുടെ പ്രവർത്തനഫലമായി ബഹിർഗമിക്കുന്ന ഗ്യാസ് അനുവദനീയമായ ഉയരത്തിൽ എത്തിച്ച് സ്വയം കത്തിപ്പോകുന്നതിനുള്ള സംവിധാനം നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

**വ്യവസായ (എഫ്) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 29142/എഫ്2/03/വ്യവ. തീയതി 5-9-2004)

ബോയിലറിൽ നിന്നുള്ള 3 പുകക്കുഴലുകളും ബ്രൂഹൗസിൽ നിന്നുള്ള 3 പുകക്കുഴലുകളും ജനറേറ്ററിൽ നിന്നുള്ള 3 പുകക്കുഴലുകളും ബയോമീതനൈസേഷൻ പ്ലാന്റിൽനിന്നുള്ള 1 പുകക്കുഴലുമാണ് കമ്പനിയിലുള്ളത്. ഇവയ്ക്കെല്ലാം ആവശ്യമുള്ള ഉയരമുണ്ട്. ബയോമീതനൈസേഷൻ പ്ലാന്റിൽ ഉണ്ടാകുന്ന വാതകം ബോയിലറുകളിൽ ഇന്ധനമായി ഉപയോഗിക്കുന്നു. അപ്രകാരം ഉപയോഗിക്കാത്ത സന്ദർഭങ്ങളിൽ അത് പ്രസ്തുത പ്ലാന്റിന്റെ പുകക്കുഴലിൽക്കൂടി കത്തിച്ചുകളയുന്ന ഈ സംവിധാനം പ്രവർത്തനക്ഷമമാണ്.

ശിപാർശ 4

കമ്പനിയുടെ പ്രവർത്തനംമൂലം സമീപപ്രദേശത്തെ കിണറുകളിലെയും മറ്റും ജലം മലിനമായതിനാൽ കുടിക്കുന്നതിനും മറ്റാവശ്യങ്ങൾക്കുമായി ശുദ്ധജലം എത്തിക്കുവാനുള്ള സംവിധാനം അടിയന്തരമായും നടപ്പാക്കണം. ഇതിനുവേണ്ട സാമ്പത്തിക ബാധ്യത കമ്പനിയിൽ നിന്നും ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 29469/ഡി.എ 3/07/തസ്വഭവ. തീയതി 17-11-2007)

7-2-2006-ൽ മലിനീകരണ നിയന്ത്രണ ബോർഡിലെ എഞ്ചിനീയർമാരും പഞ്ചായത്ത് സെക്രട്ടറിയും സംയുക്തമായി കമ്പനിയുടെ പരിസരത്തെ വീടുകളിലും കമ്പനിയിലും കായൽ തീരത്തും നേരിട്ട് പരിശോധന നടത്തിയതിൽ മലനീകരണം ഒന്നും കാണുകയോ ഇതുസംബന്ധിച്ച പരാതി സ്ഥലനിവാസികളിൽനിന്നും ലഭിക്കുകയോ ഉണ്ടായില്ല എന്നും ആകയാൽ ഇക്കാര്യത്തിൽ മറ്റ് മോണിറ്ററിംഗ് ആവശ്യമില്ല എന്ന് ജില്ലാ എൻവയോൺമെന്റൽ എഞ്ചിനീയർ 7-3-2006-ൽ രേഖാമൂലം അറിയിച്ചിട്ടുള്ളതായി തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരിക്കുന്നു.

ശിപാർശ 5

ആലപ്പുഴ ജില്ലയിലെ എല്ലാ കനാലുകളും മലിനമാക്കപ്പെടുന്നത് വിവിധ കമ്പനി കളിലെ മലിനജലം ഒഴുക്കുന്നതിനാലാണെന്നും അതിനാൽ ഈ വിഷയം സംബന്ധിച്ച് വിശദമായ ഒരു പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 29469/ഡി.എ 3/2007/ തസ്വഭവ. തീയതി 17-11-2007)

ഈ വിഷയത്തിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതായും അപ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിന്റെ പുതുക്കിയ നിർദ്ദേശ പ്രകാരം പ്രവർത്തിക്കുന്ന കമ്പനി ഇപ്പോൾ മലിനജലം പുറത്തേക്ക് ഒഴുക്കുന്നില്ല എന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരിക്കുന്നു.

## പരിസ്ഥിതി (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 4024/എ 3/2014/പരി. തീയതി 22-12-2014)

ആലപ്പുഴ ജില്ലയിലെ കാപ്പിത്തോട്, ചന്തിരൂർത്തോട് എന്നിവ ചെമ്മീൻ പീലിംഗ് വ്യവസായ ശാലകളിൽ നിന്നുള്ള മലിനജലം ഒഴുകിയെത്തുന്നത് കാരണം മലിനീകരിക്കപ്പെട്ടിരിക്കുന്നു. ഇതിന് പരിഹാരമായി പല പദ്ധതികളും ചർച്ചകളും ഉണ്ടായിട്ടുണ്ടെങ്കിലും ഫലവത്തായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ നടപ്പാക്കാൻ സാധിച്ചിട്ടില്ല. ചന്തിരൂരിൽ പൊതു മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കാനുദ്ദേശിച്ച് ACCPT സൊസൈറ്റി 2005-ൽ KITCO വഴി പദ്ധതി തയ്യാറാക്കി സർക്കാരിനു സമർപ്പിച്ചിരുന്നു. എന്നാൽ അതിന് അംഗീകാരം ലഭിക്കുകയുണ്ടായില്ല. 2012-ൽ വീണ്ടും ജില്ലാ കളക്ടർ പദ്ധതിയുടെ നടത്തിപ്പ് KITCO-യെ ഏൽപ്പിക്കുവാൻ തീരുമാനിക്കുകയും തുടർന്ന് KITCO സമർപ്പിച്ച 11.85 കോടി രൂപ ചെലവ് വരുന്ന പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ KITCO വഴി ടെണ്ടർ ക്ഷണിക്കുന്ന നടപടികൾ സ്വീകരിച്ചുവരികയാണ്.

ആലപ്പുഴ ജില്ലയിലെ വിവിധ ചെമ്മീൻ പീലിംഗ് ഷെഡുകളിൽ നിന്നുള്ള മാലിന്യങ്ങൾ എത്തിച്ചേരുന്നതുമൂലം കാപ്പിത്തോട് മലിനീകരിക്കപ്പെട്ടിരിക്കുന്നു. കാപ്പിത്തോടിന്റെ പുനരുദ്ധാരണത്തിനായി മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ പഞ്ചായത്ത് മുഖേന 'Rejuvanation of Kappithodu' എന്ന 40 ലക്ഷം രൂപ ചെലവു വരുന്ന പദ്ധതി ആവിഷ്കരിച്ച് സർക്കാരിൽ സമർപ്പിച്ചു. സർക്കാർ ഭരണാനുമതി നൽകിയിതിന്റെ വെളിച്ചത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് ആലപ്പുഴ ജില്ലാ പഞ്ചായത്തിന് തുക കൈമാറി. എന്നാൽ ഈ പദ്ധതി നടത്തിപ്പിൽ കാര്യമായ പുരോഗതി കാണാത്തതിനാൽ മലിനീകരണ നിയന്ത്രണ ബോർഡ് ഫണ്ട് തിരികെ ആവശ്യപ്പെട്ടു. പിന്നീട് ആലപ്പുഴ എം.എൽ.എ. മുൻകൈ എടുത്ത് കാപ്പിത്തോട് പുനർനിർമ്മാണ പരിസ്ഥിതി സമിതി എന്ന സൊസൈറ്റി രൂപീകരിച്ച് പദ്ധതി നടത്തിപ്പ് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനെ ഏല്പിച്ചു. കാപ്പിത്തോടിന്റെ ആലപ്പുഴ ടൗൺ മുതൽ പുക്കയ്തയാർ വരെയുള്ള 15.6 കിലോമീറ്റർ ദൂരം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി. മൊത്തം 13 കോടി രൂപ ചെലവുവരുന്ന പദ്ധതിയിൽ 7 കോടി രൂപ അസ്സറ്റ് ഡെവലപ്പ്മെന്റ് ഫണ്ടിൽ നിന്നും ബാക്കി തുക ഗുണഭോക്താക്കളായ സമീപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മത്സ്യവ്യവസായ സ്ഥാപനങ്ങൾ, എൻ.ജി.ഒ.കൾ എന്നിവരിൽ നിന്ന് ശേഖരിക്കണമെന്നുള്ളതാണ്. ബോർഡ് നൽകിയ 40 ലക്ഷം രൂപ ടി പദ്ധതിക്കായി ഉപയോഗിക്കാൻ ബോർഡ് ജില്ലാ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പിന്നീട് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് Expression of Interest ക്ഷണിച്ച് തുടർ നടപടികൾ കൈക്കൊണ്ടുവരുന്നു.

### ശിപാർശ 6

പരിശോധനയ്ക്കായി വെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിക്കുമ്പോൾ കമ്പനിയുടെ തൊട്ടടുത്ത തോട്ടിലെ വെള്ളംകൂടി ശേഖരിക്കണമെന്നും കമ്പനിയിൽ നിന്നുള്ള മലിനജലവുമായി ഇതിന് എന്തെങ്കിലും സാമ്യം ഉണ്ടോ എന്നുകൂടി പരിശോധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

**പരിസ്ഥിതി (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 4024/എ 3/2014/പരി. തീയതി- 22-12-2014)

മാക്ഡവൽ കമ്പനി (ഇപ്പോൾ യുണൈറ്റഡ് സ്പിരിറ്റ്സ്) യുടെ സമീപമുള്ള തോട്ടിൽ നിന്നും ജലം പലപ്പോഴായി ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. എന്നാൽ കമ്പനിയുടെ മലിനജലവുമായി ഇതിന് സാമ്യമുള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ കമ്പനിയിലെ മലിനജലത്തിന്റെ നിറത്തിന് സമാനമായ നിറം പലപ്പോഴും കായൽ ജലത്തിൽ നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

ശിപാർശ 7

പരിശോധനയ്ക്കായി സാമ്പിളുകൾ ശേഖരിക്കുമ്പോൾ സ്ഥലത്തെ പഞ്ചായത്ത് പ്രസിഡന്റ്, മറ്റ് സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ എന്നിവയുടെ സാന്നിദ്ധ്യംകൂടി ഉണ്ടായിരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 29469/ഡി.എ 3/2007/തസ്വഭവ. തീയതി 17-11-2007)

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് കമ്പനിയിൽ നിന്നും വെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിക്കുന്ന സമയത്ത് പഞ്ചായത്തിനെ അറിയിക്കാറുണ്ട് എന്നും ഇതിനായി ഒരു മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട് എന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

**പരിസ്ഥിതി (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 4024/എ 3/2014/പരി. തീയതി- 22-12-2014)

കമ്പനിയിൽ നിന്നുള്ള മലിനീകരണത്തെ തുടർന്ന് ഡിസ്റ്റിലേഷൻ പ്ലാന്റ് അടച്ചുപൂട്ടുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകിയതിനെ തുടർന്ന് 2011 മുതൽ ഡിസ്റ്റിലേഷൻ എന്നന്നേക്കുമായി നിർത്തുന്നതായി മലിനീകരണ നിയന്ത്രണ ബോർഡിനെ അറിയിച്ചിട്ടുണ്ട്. മെഷീനുകളും മറ്റും നീക്കം ചെയ്തിട്ടുണ്ട്. ആൾക്കഹോളിന്റെ യോജിപ്പിക്കൽ (blending) മാത്രമാണ് ഇപ്പോൾ നടത്തുന്നത്. നിലവിൽ പാഴ്ജല സംസ്കരണ പ്ലാന്റിൽ കൊയാഗുലേഷൻ, സെറ്റ്ലിംഗ്, എയ്റേഷൻ, ക്ലാരിഫിക്കേഷൻ എന്നീ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. നിലവിൽ കമ്പനിയുടെ പ്രവർത്തനം മുഖേന ഉണ്ടാകാനിടയുള്ള മലിനീകരണ പ്രശ്നങ്ങൾ നിയന്ത്രണ വിധേയമായിട്ടുണ്ട്.

കമ്പനിക്ക് സമീപമുള്ള തോട്ടിൽ നിന്ന് ജല സാമ്പിളുകൾ ആദ്യകാലങ്ങളിൽ പഞ്ചായത്ത് പ്രസിഡന്റ്/മെമ്പർമാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ശേഖരിച്ചിട്ടുണ്ട്. സാമ്പിളുകൾ പരാതിക്കാരുടെയും സാന്നിദ്ധ്യത്തിൽ ശേഖരിക്കാറുണ്ട്.

ശിപാർശ 8

കമ്പനിയിൽ നിന്നുള്ള മലിനജലം വേമ്പനാട്ട് കായലിലേക്ക് ഒഴുക്കിവിടുന്നതുമൂലം മത്സ്യം, കക്ക, ഉൾപ്പെടെയുള്ള ജലജീവികളുടെ നഷ്ടമെത്രയെന്ന് തിട്ടപ്പെടുത്തുകയും ആയത് പരിഹരിക്കുവാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുകയും വേണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

**പരിസ്ഥിതി (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 4024/എ 3/2014/പരി. തീയതി 22-12-2014)

കമ്പനിയിൽ നിന്നുള്ള മലിനജലം പുറന്തള്ളുന്നത് ഇല്ലാതാക്കാനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നതിനാൽ ജലജീവികൾക്ക് നാശം ഉണ്ടാകാനുള്ള സാധ്യതയും കുറഞ്ഞു വരുന്നതാണ്.

ശിപാർശ 9

കമ്പനിയിലെ ടാങ്കുകളിൽ മലിനജലം കെട്ടിക്കിടക്കുന്നത് കാരണമുള്ള ദുർഗന്ധം ഒഴിവാക്കാനായി പ്രസ്തുത എഫ്ളുവന്റ് ടാങ്കുകൾ അടച്ചിടുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

**പരിസ്ഥിതി (എഫ്) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 29142/എഫ്2/2003/വ്യവ. തീയതി 5-9-2004)

ആയതിന് ബോർഡിൽനിന്നും കമ്പനിക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ മലിനജല സംഭരണ ടാങ്ക് പോളിത്തിൻഷീറ്റ് ഉപയോഗിച്ച് മൂടിയിട്ടുണ്ട് എന്നാൽ രണ്ടാംഘട്ട ശുദ്ധീകരണ പ്ലാന്റ് ഇപ്പോഴും തുറന്നതന്നെയാണ് പ്രവർത്തിക്കുന്നത്. രണ്ടാം ഘട്ടമായ എയ്റോബിക് പ്ലാന്റ് മൂടുന്നത് അതിൽ ഓക്സിജൻ ലയിച്ച് ആഗിരണം ചെയ്യപ്പെടുന്നതിനെ ബാധിക്കുമെന്നതിനാൽ ശാസ്ത്രീയമായി അഭിലഷണീയമല്ല.

ശിപാർശ 10

പാഴ്ജല ശുചീകരണത്തിന്റെ വിശ്വസനീയതയ്ക്കായി വെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ലാബിലും സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റിന്റെ (സി.ഡബ്ല്യു. ആർ.ഡി.എം.) ലാബിലും കൊടുത്ത് പരിശോധിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

## പരിസ്ഥിതി (എഫ്) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 29142/എഫ്2/2003/വ്യവ. തീയതി 5-9-2014)

ബോർഡിന്റെ ലാബിൽ പാഴ്ജലത്തിന്റെ സാമ്പിളുകളുടെ ഗുണനിലവാര പരിശോധന പതിവായി നടത്തിവരുന്നു. സി.ഡബ്ല്യു.ആർ.ഡി.എമ്മിൽ സാമ്പിളുകൾ കൊടുത്ത് പരിശോധിപ്പിക്കാൻ കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പരിസ്ഥിതി (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 4024/എ 3/2014/പരി. തീയതി 22-12-2014)

ബോർഡിന്റെ ലാബിന് എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. അങ്ങനെ ഇത് ഏറ്റവും മികച്ച ലാബായി ഉയർന്നുകഴിഞ്ഞു. ലാബ് സ്വയംപര്യാപ്തമാണ്. ലാബിൽ സാമ്പിളുകൾ പലപ്പോഴായി പരിശോധന നടത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

സമിതി ആരാഞ്ഞ അധികവിവരം

10-ാം നമ്പർ ശിപാർശയിൽ പ്രതിപാദിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ലാബിൽ കമ്പനിയിൽ നിന്നുള്ള പാഴ്ജലം പതിവായി പരിശോധിക്കാറുണ്ടോ എന്നത് സംബന്ധിച്ചും സി.ഡബ്ല്യു.ആർ.ഡി.എം-ൽ സാമ്പിളുകൾ കൊടുത്ത് പരിശോധിക്കാൻ കമ്പനിക്ക് കൊടുത്ത നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധിച്ചുമുള്ള വിശദാംശം.

അധികവിവരത്തിനുള്ള മറുപടി

## വ്യവസായ (എഫ്) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 25570/എഫ്2/2011/വ്യവ. തീയതി 24-11-2011)

മാക്ഡവൽ കമ്പനിയിൽ നിന്നുണ്ടാകുന്ന മലിനജലത്തിന്റെ സാമ്പിൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ലാബിൽ പരിശോധിക്കുന്നുണ്ട്. കൂടാതെ സി.ഡബ്ല്യു.ആർ.ഡി. എമ്മിലും മലിനജലത്തിന്റെ സാമ്പിൾ പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ട്.

സി. പി. മുഹമ്മദ്,

*അദ്ധ്യക്ഷൻ,*

*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ജൂൺ 18.